***അടിയന്തിരം***

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: സി3/9859/2011(1).

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 01/08/2011.

## ചുറ്ററിയിപ്പ്

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- തിരുവനന്തപുരം- സ്വകാര്യ ഐ.ടി.സി.കളുടെ പേര് മാറ്റം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നത്- സംബന്ധിച്ച്:-

**സൂചന:-** 21/03/2011-ലെ ഡി.ജി.ഇ.&റ്റി-19(5)/2011-സി.ഡി നമ്പർ കത്ത്.

**************

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള വിവിധ ട്രേഡുകളിലും യൂണിറ്റുകളിലും പരിശീലനം നൽകി വരുന്ന സ്വകാര്യ ഐ.ടി.സി.കളുടെ നാമധേയം പേരിനോടൊപ്പം ഐ.ടി.സി.ക്കു പകരം പ്രൈവറ്റ് ഐ.ടി.ഐ. എന്ന രീതിയിൽ മാറ്റം വരുത്തുന്നതിനായി സൂചന മുഖേന ലഭ്യമാക്കിയിരുന്ന ഡി.ജി.ഇ.റ്റി മാർഗ്ഗ നിർദ്ദേശം സംസ്ഥാനത്തെ വിവിധ സ്വകാര്യ ഐ.ടി.സി.കൾക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അയച്ചു കൊടുത്തിരുന്നുവെങ്കിലും ഭൂരിഭാഗം സ്വകാര്യ ഐ.ടി.സി.കളിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. കൂടാതെ പല സ്വകാര്യ ഐ.ടി.സി.കളും സൂചനയിലെ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ ഐ.ടി.സി.കളും ഡി.ജി.ഇ.റ്റി.യുടെ സൂചന മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പേര് മാറ്റം സംബന്ധിച്ച വിവരം 10/08/2011-നകം ബന്ധപ്പെട്ട ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക് താഴെ സൂചിപ്പിക്കുന്ന പ്രൊഫോർമയിൽ നൽകേണ്ടതാണ്. (ഉദാ:-എബിസി ഐ.ടിസി → എ.ബി.സി പ്രൈവറ്റ് ഐ.ടി.ഐ)

## പ്രൊഫോർമ

| സ്ഥാപനത്തിന്റെ നിലവിലെ പേരും മേൽ വിലാസവും | സ്ഥാപനത്തിന്റെ പുതിയ പേര് (ഡി.ജി.ഇ.റ്റി മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ളത്) |
|---|---|
| | |
| *മാനേജരുടെ ഒപ്പ്* | *പ്രിൻസിപ്പാളിന്റെ ഒപ്പ്* |

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.**

1. എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും-*(നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുഖേന)*
2. നോഡൽ ഐ.ടി.ഐ...............................................*(പകർപ്പ് താങ്കളുടെ കീഴിൽ വരുന്ന എല്ലാ സ്വകാര്യ ഐ.ടി.ഐ.കൾക്കും അയച്ചു കൊടുക്കേണ്ടതും, റിപ്പോർട്ട് നൽകേണ്ടതുമാണ്)*

ഉള്ളടക്കം:- (1) എല്ലാ ഐ.ടി.മാർക്കും.
(2) ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡയറക്ടറേറ്റ്, കണ്ണൂർ.

പ്.സി.02/08